1. കൃഷിഭവനുകളുടെ സഹകരണത്തോടെ കിസാൻ ക്രെഡിറ്റ് കാർഡിന് അർഹതയുള്ള എല്ലാ കർഷകർക്കും കാർഡുകൾ വിതരണം ചെയ്യും.

2. എല്ലാ റൂറൽ/സെമി അർബൻ ബ്രാഞ്ചുകളും നടപ്പുവർഷത്തിൽ നൂറ് പുതിയ കർഷകർക്ക് വായ്പ കൊടുക്കുകയും ചുരുങ്ങിയത് രണ്ടു പുതിയ പദ്ധതികൾക്ക് രൂപം കൊടുക്കുകയും ചെയ്യും.

3. ഓരോ ജില്ലയിലും ചുരുങ്ങിയത് പത്ത് അഗ്രി ക്ലിനിക്കുകൾ സ്ഥാപിക്കുവാൻ വേണ്ടുന്ന ധനസഹായം ബാങ്കുകൾ നൽകും.

4. പഴക്കംചെന്ന തേയില, കാപ്പി തോട്ടങ്ങളിൽ റീപ്ലാന്റേഷനുവേണ്ട പദ്ധതികൾ നബാർഡുമായും കൃഷിവകുപ്പുമായും ബന്ധപ്പെട്ട് ആസൂത്രണം ചെയ്യും.

(സി) ആന്റ് (ഡി) സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനും വിശദമായ നടപടിക്രമങ്ങൾ ആവിഷ്ക്കരിക്കുന്നതിനും, പുരോഗതി വിലയിരുത്തുന്നതിനും ആർ. ബി. ഐ., നബാർഡ്, എസ്. എൽ. ബി. സി. കൺവീനർ, സംസ്ഥാന സർക്കാരിന്റെ ആസൂത്രണം, കൃഷി, റവന്യൂ, സഹകരണം എന്നീ വകുപ്പുകളുടെ സെക്രട്ടറിമാർ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ വേൾഡ് മാർക്കറ്റുകൾ

94 [2063] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂറോപ്യൻ ഇക്കണോമിക് കമ്മിറ്റിയുടെ ധനസഹായത്തോടെ സംസ്ഥാനത്ത് എത്ര വേൾഡ് മാർക്കറ്റുകൾക്കാണ് രൂപം നൽകിയിട്ടുള്ളത്;

(ബി) ഇപ്രകാരം എത്ര മാർക്കറ്റുകൾ പ്രവർത്തനം ആരംഭിച്ചു;

(സി) ആനയറ വേൾഡ് മാർക്കറ്റിലെ എത്ര കടമുറികൾ ഇതുവരെ ലേലത്തിൽ പോയി; ഇതിൽ എത്ര കടകളിൽ പ്രവർത്തനം ആരംഭിച്ചു;

(ഡി) ഈ സ്ഥാപനത്തിൽ കൃഷിവകുപ്പിന്റെ സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്ര; അവർ ഏതെല്ലാം തസ്തികയിൽ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആറ്.

(ബി) മൂന്ന്.

(സി) ആകെ 84 കടകൾ ഉള്ളതിൽ 58 എണ്ണം ലേലത്തിൽ പോയിട്ടുണ്ട്. ബാക്കി 26 എണ്ണം സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ ആവശ്യങ്ങൾക്കായി കൊടുത്തിട്ടുണ്ട്.

(ഡി) ഉണ്ട്. രണ്ടു സ്റ്റാഫിനെ നിയമിച്ചിട്ടുണ്ട്. അസിസ്റ്റന്റ് സെക്രട്ടറി, ക്ലാർക്ക്.

LIBRARY ARCHIVES Kerala Legislative Assembly